പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

271 (2551) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വി. ഡി.സതീശൻ:
ശ്രീ. പി. സി വിഷ്ണുനാഥ്:
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്താനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 176 ടൂറിസ്റ്റ് ലൊക്കേഷനുകൾ നിലവിലുണ്ടെങ്കിലും ഗവൺമെന്റ് ഉത്തരവ് G.O.(Rt.) No. 1030/09/TSM തീയതി 9-2-2009, G.O. (Rt.) No. 9926/10/TSM തീയതി 21-12-2010 പ്രകാരം 51 സ്ഥലങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ടൂറിസം ലൊക്കേഷനുകൾ കൂടി ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതനുസരിച്ച് ലഭിച്ച ചില പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദ പരവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. കൂടാതെ വിനോദസഞ്ചാരികളെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സൗകര്യ പ്രദമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി മെഗാ സർക്യൂട്ട് ഡെവലപ്പ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് തുടങ്ങി വിവിധ പദ്ധതികൾ ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനുവേണ്ടി അതാത് നിർവ്വഹണ ഏജൻസികളെ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ,പദ്ധതി നടത്തിപ്പുകളുടെ പുരോഗതി വിലയിരുത്തുവാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാഓഫീസുകളുടെ മേൽനോട്ടത്തിൽ പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

വിനോദസഞ്ചാര മേഖലയിലെ വിമാനസർവ്വീസ്

272 (2552) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കേരളത്തിലെ ടൂറിസം മേഖലകളെ ബന്ധിപ്പിക്കുന്നതിന് ചെറു വിമാന സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കേരളം സന്ദർശിച്ച വിദേശസഞ്ചാരികൾ

273 (2553) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014, 2015 എന്നീ വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 2015-ൽ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ടൂറിസത്തിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly